**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 847.** **28.02.2018 ൽ മറുപടിയ്ക്ക്**

**ലഹരി പദാർത്ഥങ്ങളുടെ ലഭ്യതയും ഉപഭോഗവും കുറയ്ക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി വസ്തുക്കളുടെ പ്രത്യേകിച്ചും മയക്കുമരുന്നുകളുടെ ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കുമോ; | (എ) | ലഹരി വസ്തുക്കളുടെയും മയക്കുമരുന്നുകളുടെയും ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് റേവ് പാർട്ടികൾ, കൊക്കൈൻ പാർട്ടികൾ എന്നിവ സംഘടിപ്പിച്ച് ജനങ്ങളെ ലഹരിക്ക് അടിമയാക്കിക്കൊണ്ടിരിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെയുള്ള റിസോർട്ടുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് നിരീക്ഷണം നടത്തി വിവരങ്ങൾ ശേഖരിച്ച് പരിശോധന നടത്തിവരുന്നു. റിസോർട്ടുകൾ, വൻകിട ഹോട്ടലുകൾ, ഹോം സ്റ്റേ മുതലായവകളിൽ രാത്രികാലങ്ങളിൽ മിന്നൽ പരിശോധന നടത്തിവരുന്നു. വിമാനത്താവളം വഴി ലഹരിപദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നത് പിടിച്ചെടുക്കുന്നതിന് വിമാനത്താവളങ്ങളുടെ സമീപമുള്ള റോഡുകളിലും ദേശീയപാതകളിലും ശക്തമായി വാഹനപരിശോധന നടത്തിവരുന്നു. |
| (സി) | സംസ്ഥാനത്തെ മദ്യ ഉപഭോഗം കുറയ്ക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് | (സി) | ലഹരിമുക്ത കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 'വിമുക്തി'യെന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ;സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദീകരിക്കുമോ; | | ലഹരിയ്ക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ട് വരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്ത് രണ്ട് ഇടങ്ങളിലായി രാവിലെ 8.00 മണി മുതൽ രാത്രി 8.00 മണിവരെ ടോൾ ഫ്രീ നമ്പരിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. ലഹരിയുടെ വഴി തെരഞ്ഞെടുക്കുന്നതിൽ നിന്ന് വിദ്യാർത്ഥികളെയും യുവജനങ്ങളെയും മാറ്റിയെടുക്കുന്നതിനുള്ള മികച്ച ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലഹരിയ്ക്കെതിരെ കായിക ലഹരിയെന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.<br>അനധികൃതമദ്യം, കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. കിഴക്ക്, വടക്ക്-കിഴക്ക് സംസ്ഥാനങ്ങളുടെ വനമേഖലകളിൽ ഉത്പാദിപ്പിക്കുന്ന കഞ്ചാവ് തമിഴ്നാടിന്റെ കേരള സംസ്ഥാന അതിർത്തി പ്രദേശത്ത് സംഭരിച്ച് ചെറിയ അളവിൽ റോഡ് മാർഗ്ഗവും കാൽനടയായും റെയിൽ മാർഗ്ഗവും കേരളത്തിലേക്ക് കടത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ നേരിട്ട് കടത്തിക്കൊണ്ടുവരുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിയമ വിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെൻറ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നതും വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.<br>കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും വിമാനത്താവളം വഴി ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നത് പിടിച്ചെടുക്കുന്നതിന് വിമാനത്താവളങ്ങളുടെ സമീപമുള്ള റോഡുകളിലും ദേശീയപാതകളിലും ശക്തമായി വാഹന പരിശോധന നടത്തി വരുന്നതുമാണ്. |
| (ഡി) | ഇത്തരം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എക്സൈസ് വകുപ്പിന്റെ നവീകരണത്തിനും ശാക്തീകരണത്തിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | കൂടുതൽ ഫീൽഡ് ഓഫീസുകൾ അനുവദിക്കുന്നതിനും വാഹനങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഓഫീസുകൾ ആധുനികവത്ക്കരിക്കുന്നതിനും അംഗബലം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക് പോസ്റ്റുകളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും സി.സി.ടി.വി.കൾ സ്ഥാപിച്ച് നിരീക്ഷണം ശക്തിപ്പെടുത്തുവാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**